File No.BCDIR/3/2019-B2

# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,
തിരുവനന്തപുരം -695003, ഫോൺ/ഫാക്സ് – 0471 2727379
ഇമെയിൽ – obcdirectorate@gmail.com, വെബ്സൈറ്റ് -www.bcdd.kerala.gov.in

BCDIR/B2/3/2019(3) ഭരണഭാഷ – മാതൃഭാഷ തീയതി : 17.06.2019

ഡയറക്ടർ

ഡെപ്യൂട്ടി ഡയറക്ടർ
പൊതു വിദ്യാഭ്യാസ വകുപ്പ്
എല്ലാ ജില്ലകളിലേക്കും

വിഷയം : പിവിവിവ – നടപ്പ വർഷത്തെ ഒ.ഇ.സി പ്രീമെട്രിക് വിദ്യാഭ്യാസ ആനുകൂല്യവിതരണം സംബന്ധിച്ച്

സൂചന : പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 23.05.19 ലെ BCDIR/B2/3/2019 നമ്പർ സർക്കുലർ

ഒ.ഇ.സി പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഇ ഗ്രാന്റ്സ് മുഖേന എന്റർ ചെയ്യുന്നതിന് സർക്കാർ/എയ്ഡഡ്/അംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾക്കുള്ള അവസാന തീയതി 25.06.19 വരെയും, സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകൾക്ക് 30.07.2019 വരെയും ദീർഘിപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിവരം സ്കൂൾ അധികൃതരെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകൾക്ക് സമ്പൂർണ്ണ രജിസ്ട്രേഷൻ നടത്തുന്നതിനും, ഇ ഗ്രാന്റ്സ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനും ഈ ആഫീസിൽ നിന്ന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ നിർദ്ദേശങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകൾക്ക് സമ്പൂർണ്ണ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളിൽ സഹകരിക്കണമെന്നും, ടി സ്ഥാപനങ്ങൾ എന്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റിന്റെ ഹാർഡ് കോപ്പി ലഭ്യമാകുന്ന മുറയ്ക്ക് ആയവ മേലൊപ്പ് ചാർത്തി നൽകുന്നതിന് ബന്ധപ്പെട്ട DEO/AEO മാർക്ക് നിർദ്ദേശം നൽകണമെന്നും അഭ്യർത്ഥിക്കുന്നു. പിന്നാക്ക വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യ വിതരണത്തിന് നാളിതു വരെ ഉണ്ടായ സഹായങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു.

വിശ്വസ്തതയോടെ

(ഒപ്പ്)

ഡയറക്ടർ

പകർപ്പ് – എല്ലാ DEO/AEO മാർക്കും (ഇ മെയിൽ മുഖേന)

അംഗീകാരത്തോടെ

സൂപ്രണ്ട്

പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറേറ്റ് തിരുവനന്തപുരം-3

File No.BCDIR/3/2019-B2

BCDIR/B2/3/2019(1) ഭരണഭാഷ – മാതൃഭാഷ തീയതി : 17.06.19

**ഒ.ഇ.സി ഗ്രാന്റ്**

**സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ അഫിലിയേറ്റഡ് സ്കൂളുകൾക്കുള്ള നിർദ്ദേശങ്ങൾ**

1. **ഇ-ഗ്രാന്റ്സ്** **(www.egrantz.kerala.gov.in)** പോർട്ടലിലൂടെയാണ് അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ എന്റർ ചെയ്യേണ്ടത്. ഈ സ്കോളർഷിപ്പ് പോർട്ടൽ സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിന്റെ **സമ്പൂർണ** പോർട്ടലുമായി ഇന്റഗ്രേറ്റ് ചെയ്തിട്ടുള്ളതിനാൽ സമ്പൂർണ പോർട്ടലിൽ രജിസ്റ്റർ ചെയ്ത ശേഷം മാത്രമേ ഇ ഗ്രാന്റ്സ് പോർട്ടലിൽ ലോഗിൻ ചെയ്യാനാവൂ.
2. **സമ്പൂർണ** പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത സ്ഥാപനങ്ങൾ പ്രസ്തുത രജിസ്ട്രേഷനായി സ്കൂളിന്റെ പേര്, പൂർണമായ മേൽവിലാസം, ജില്ല, വിദ്യാഭ്യാസ ജില്ല, വിദ്യാഭ്യാസ ഉപജില്ല, ഫോൺ നമ്പർ, ഇ മെയിൽ വിലാസം, അഫിലിയേഷൻ കോഡ്, പ്രധാനാധ്യാപകന്റെ പേര്, മൊബൈൽ നമ്പർ തുടങ്ങിയ വിവരങ്ങളും, അഫിലിയേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പും ബന്ധപ്പെട്ട DEO യ്ക്ക് സമർപ്പിച്ച് , DEO യുടെ ശിപാർശ സഹിതം **sampoorna@kite.kerala.gov.in** എന്ന വിലാസത്തിലേക്ക് ഇ മെയിൽ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2528900 എന്ന **സമ്പൂർണ** ഹെൽപ്പ് ലൈൻ നമ്പരിൽ ബന്ധപ്പെടുക.
3. **സമ്പൂർണ (www.sampoorna.kite.kerala.gov.in)** പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്കൂളുകൾ ഇ ഗ്രാന്റ്സ് യൂസർ നെയിം, പാസ് വേർഡ് എന്നിവ ലഭിക്കുന്നതിനായി ഇതോടൊപ്പം ചേർത്തിട്ടുള്ള ഫാറം പൂരിപ്പിച്ച് സ്ഥാപന മേധാവിയുടെ ഒപ്പും , സീലും പതിച്ച് ചുവടെ ചേർക്കും പ്രകാരം പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ആഫീസുകളിലേക്ക് ഇ മെയിൽ മുഖേന അയക്കേണ്ടതാണ്.

| തിരുവനന്തപുരം,കൊല്ലം,പത്തനംതിട്ട, ആലപ്പുഴ,കോട്ടയം,ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ സ്ഥാപനങ്ങൾ | തൃശ്ശൂർ,പാലക്കാട്,മലപ്പുറം,കോഴിക്കോട്,വയനാട്, കണ്ണൂർ,കാസറഗോഡ് എന്നീ ജില്ലകളിലെ സ്ഥാപനങ്ങൾ |
|---|---|
| Regional Deputy Director<br>Backward Classes Development Department<br>Civil Station, Kakkanad<br>Ernakulam – 682030<br><br>***Email : ssekmbcdd@gmail.com***<br>***Ph : 0484 2429130*** | Regional Deputy Director<br>Backward Classes Development Department, Civil Station, Kozhikode – 673020<br><br>***Email : ssbcddkkd@gmail.com***<br>***Ph : 0495 2377786*** |

4. ഇ ഗ്രാന്റ്സ് പോർട്ടലിൽ വിവരങ്ങൾ സമർപ്പിക്കുന്നതിന് വിദ്യാർത്ഥിയുടെ ആധാർ , ബാങ്ക് അക്കൗണ്ട് എന്നിവ ആവശ്യമാണ്. വിവരങ്ങൾ എന്റർ ചെയ്യുന്നതിന് മുമ്പായി സർക്കുലർ, ഗൈഡ് ലൈൻസ് എന്നിവ ശ്രദ്ധാപൂർവ്വം വായിച്ചു മനസ്സിലാക്കുക.
5. രജിസ്ട്രേഷൻ നടപടിക്രമങ്ങൾ വൈകിയതിനാൽ സി.ബി.എസ്.സി/ഐ.സി.എസ്.ഇ സ്ഥാപനങ്ങൾക്ക് **<u>2019 ജൂലൈ 30 വരെ</u>** ഡാറ്റാ എൻട്രി നടത്താവുന്നതാണ്.
6. എന്റർ ചെയ്ത വിദ്യാർത്ഥികളുടെ പട്ടിക പ്രിന്റ് ചെയ്ത് സ്ഥാപന മേധാവിയുടെ ഒപ്പും, സീലും പതിച്ച്, ബന്ധപ്പെട്ട DEO/AEO യുടെ Countersignature സഹിതം ക്രമനമ്പർ 3 ൽ രേഖപ്പെടുത്തിയിട്ടുള്ള വിലാസത്തിൽ ബന്ധപ്പെട്ട ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

അംഗീകാരത്തോടെ

സൂപ്രണ്ട്

പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറേറ്റ് തിരുവനന്തപുരം-3

(ഒപ്പ്)
ഡയറക്ടർ

Backward Classes Development Department

E Grantz – Registration form for Schools

| | |
|---|---|
| **Institution Name** | |
| **Institution Category (CBSE/ICSE)** | |
| **SAMPOORNA Code** | |
| **Address with Pin code** | |
| **Phone Number** | |
| **email id** | |
| **District** | |
| **Education District** | |
| **Sub District** | |
| **Block/Municipality/Coprporation** | |
| **Name of Principal/HM** | |
| **Mobile Number** | |
| **Name of Clerk** | |
| **Mobile Number** | |
| **Bank Account Number of School** | |
| **Name of Bank & Branch** | |
| **IFSC** | |
| | |

Place :

Date :

Office Seal

Name & Signature of Head of the Institution
(with designation seal)

---

Send the signed scanned copy by email to folloing email id

| Schools in Thiruvananthapuram, Kollam, Alappuzha,Pathanamthitta,Kottayam,Idukki & Ernakulam | Schools in Thrissur, Palakkad,Malappuram,Kozhikode,Wayanad,Kannur & Kasaragod |
|---|---|
| *Email : ssekmbcdd@gmail.com*<br>*Ph : 0484 2429130* | *Email : ssbcddkkd@gmail.com*<br>*Ph : 0495 2377786* |